നടപടികളും സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് ആൻറണിയുടെ അഭിപ്രായം കേട്ടതിനു ശേഷം കളക്ടറോട് തീരുമാനിക്കാൻ പറഞ്ഞിരിക്കുകയാണ്. ഇന്ന് 10 മണിക്ക് കളക്ടർ, ആൻറണിയുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി അദ്ദേഹത്തെ വിളിച്ചിട്ടുണ്ട്. എന്തായാലും ശരി അവിടെ മാത്രമല്ല ഈ നാടകത്തെ തുടർന്ന് ഈ സംസ്ഥാനത്തൊരിടത്തും സംഘർഷാവസ്ഥ ഉണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

(24) മതിൽ ഇടിഞ്ഞുവീണതിനെ തുടർന്നുണ്ടായ മരണങ്ങൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, തിരുവനന്തപുരം പട്ടണത്തിൽ വികാസ്ഭവന് തൊട്ടു പിന്നിൽ ഇന്നു വെളിപ്പിനു നടന്ന അത്യന്തം ദാരുണമായ സംഭവം സഭയുടേയും ബഹുമാനപ്പെട്ട ഗവൺമെൻറിൻറേയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. വികാസ്ഭവൻറെ തൊട്ടു പിന്നിലുള്ള ഒരു സ്വകാര്യ വ്യക്തി ഒരു പുതിയ കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ഒരു റീട്ടെയിനിങ് വാൾ കെട്ടി. 12 അടിയോളം പൊക്കമുള്ള റീട്ടെയിനിങ് വാൾ സിമൻറു ചേർക്കാതെ മണ്ണിട്ടുകെട്ടി പൊക്കി. ഇന്നലെരാത്രി ആ റീട്ടെയിനിങ് വാൾ മറിഞ്ഞ് താഴെ വീണതുകൊണ്ട് മൺകൂരയിൽ കിടന്നുറങ്ങിയ 16 വയസ്സുള്ള ഒരു പെൺകുട്ടിയടക്കം 3 കുട്ടികൾ തൽക്ഷണം മരിച്ചു. രണ്ടു വീടുകൾ തകർന്നു. ആ വീട്ടിലുള്ള രണ്ടുമൂന്ന് ആളുകളെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിൽസയ്ക്കായി മാറിയിരിക്കുകയാണ്. ദാരുണമായ ഈ സംഭവം ഇന്നു രാവിലെ ഞാൻ പോയി കണ്ടതാണു സർ. അത്യന്തം പട്ടിണിയിൽ കിടക്കുന്ന പാവപ്പെട്ട വീട്ടുകാരുടെ മൺകൂരയുടെ മേലാണ് ഈ വലിയ കരിങ്കല്ലു കൊണ്ടു നിർമ്മിച്ച റിടെയിനിങ് വാൾ മറിഞ്ഞുവീണത്. അകത്തു കിടന്നുറങ്ങിയ നിരപരാധികളായ, ഒരു പെൺകുട്ടിയടക്കമുള്ള മൂന്നു മനുഷ്യജീവൻ നഷ്ടപ്പെടുകയാണ് ഉണ്ടായത്. വാസ്തവത്തിൽ വളരെ അനുകമ്പാർഹമായ ഒരു കാഴ്ചയാണ് നമുക്ക് അവിടെ കാണാൻ കഴിയുക. ഇത്രയും ദാരുണമായ ഒരു സംഭവത്തെക്കുറിച്ച് ഗവൺമെൻറ് പ്രത്യേകമായി പരിഗണിക്കണം. സാധാരണ ഈ മാതിരിയുള്ള സംഭവങ്ങൾക്ക് അയ്യായിരം രൂപ സഹായധനമായി കൊടുക്കാറുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറ് ഒരു ഉദാര മനോഭാവം കാണിക്കുകയും കഴിയുമെങ്കിൽ കൂടുതൽ സംഖ്യ അവർക്കു സഹായധനം അത്യന്താപേക്ഷിതമായി എത്തിക്കുകയും അവരുടെ വീടുകൾ പുനർനിർമ്മിക്കാനാവശ്യമായി വേണ്ട എല്ലാ സഹായങ്ങളും അടിയന്തിരമായി ചെയ്യണമെന്നും ഗവൺമെൻറിനോട് പ്രത്യേകിച്ച് മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മനുഷ്യസ്നേഹികളെ വേദനിപ്പിക്കുന്ന ദാരുണമായ ഈ സംഭവത്തിൽ ഗവൺമെൻറിന് ഖേദമുണ്ട്. ഇക്കാര്യത്തിൽ ആശ്വാസം നൽകുന്ന കാര്യങ്ങളോടൊപ്പംതന്നെ ഇത്രയും കുടിലുകളുള്ള പ്രദേശത്ത് ഇങ്ങനെ ഒരു മതിൽകെട്ടി ആ മതിൽ ഇടിഞ്ഞു വീഴാനിടയായ സാഹചര്യത്തെക്കുറിച്ച് ഗവൺമെൻറ് അന്വേഷിക്കുന്നതാണ്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഈ കുടുംബത്തെ സംബന്ധിച്ചിടത്തോളം മൂന്നു കുട്ടികളാണു മരിച്ചത്. അനിൽകുമാർ, അനിത, അജിത എന്നീ കുട്ടികളാണ് മരിച്ചത്. ഈ കുട്ടികളുടെ കുടുംബത്തിന് ആവശ്യമായ സഹായം ചെയ്യാൻ ഗവൺമെൻറ് തീർച്ചയായും തയ്യാറാകും.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് സംഖ്യ കൊടുക്കേണ്ടതെന്ന് തീരുമാനിക്കുന്നതാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും ഈ കുടുംബത്തിന് സംരക്ഷണം കൊടുക്കാനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കുകയും ചെയ്യും.

(25) വടക്കാഞ്ചേരി റെയിൽവേ ക്രോസിൽ ഓവർബ്രിഡ്ജ്

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, തൃശ്ശൂർ-ഷൊർണ്ണൂർ റോഡ് ഏറ്റവും വാഹനത്തിരക്കുള്ള ഒരു പ്രധാനപ്പെട്ട റോഡാണ്. മലപ്പുറം, പാലക്കാട്, കോഴിക്കോട് പ്രദേശങ്ങളിലേക്ക് പോകുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് ഇത്. വടക്കാഞ്ചേരി ടൗണിന്റെ മദ്ധ്യത്തിലുള്ള റെയിൽവേ ക്രോസ് കാരണം യാത്രകർക്കുള്ള സൗകര്യത്തിന് വളരെയധികം വിഷമിക്കുകയാണ്. ഇവിടെ ഒരു ഓവർബ്രിഡ്ജ് പണിയുന്നതിന് പത്തു പന്ത്രണ്ടു കൊല്ലങ്ങൾക്കുമുമ്പ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതാണ്. മുൻഗണന നൽകി ഓവർബ്രിഡ്ജ് പണിത് അവിടത്തെ വിഷമം പരിഹരിക്കണമെന്ന് ഞാൻ ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു വടക്കാഞ്ചേരി ഓവർബ്രിഡ്ജ് അതിപ്രധാനമായ ഒരു ഓവർബ്രിഡ്ജാണെന്ന് ഗവൺമെൻറിന് അഭിപ്രായമുണ്ട്. ഈ ഓവർബ്രിഡ്ജ് 1971 മുതൽ പണിയുന്നതിനുള്ള തീരുമാനമെടുക്കുകയും കോസ്റ്റ് ഷെയറിങ്ങിന്റെ അടിസ്ഥാനത്തിൽ റെയിൽവേയും കേരളഗവൺമെൻറും പകുതിവീതം തുകയെടുത്ത് ഈ ഓവർബ്രിഡ്ജ് പണിയണമെന്നു തീരുമാനിക്കുകയും ചെയ്തു പക്ഷേ അപ്രോച്ച് റോഡിന് ആവശ്യമുള്ള സ്ഥലം അക്വിസിഷൻ നടപടികൾ ആരംഭിച്ച് കുറെ മുന്നോട്ടു പോയപ്പോൾ ഒരു ലൈൻ തീവണ്ടിപ്പാത ഇരട്ടിപ്പിക്കണമെന്നുള്ളതുകൊണ്ട് പാലത്തിന്റെ ഡിസൈനും വലിപ്പവും വർദ്ധിപ്പിക്കേണ്ടി വന്ന ഒരു സാഹചര്യത്തിൽ റെയിൽവേ തൽക്കാലം ഇത് നിർത്തിവയ്ക്കണമെന്നും ലൈൻ ഇരട്ടിപ്പിച്ചതിനുശേഷമേ ഇതിനേക്കുറിച്ച് ആലോചിക്കാൻ കഴിയൂ എന്നും പറഞ്ഞു. സർ, അതിനെത്തുടർന്ന് ഗവൺമെൻറിന്റെ പ്രയോറിറ്റി ലിസ്റ്റിലും അതുപോലെ ബഡ്ജറ്റിലും ഈ പാലത്തിനുവേണ്ട തുക കുറെ കൊള്ളിച്ചിട്ടുണ്ട്. ഇക്കൊല്ലം ഈ പാലത്തിനുവേണ്ടി 100 രൂപയുടെ ടോക്കൺ പ്രൊവിഷനേ കൊള്ളിച്ചിട്ടുള്ളു. റെയിൽവേയെ സംബന്ധിച്ചിടത്തോളം അവർക്ക് ചില സ്റ്റാൻഡേർഡുകളും ഉണ്ട്. ഞാൻ അത് ഈ സഭയിൽതന്നെ മുമ്പു പറഞ്ഞിട്ടുള്ളതാണ്. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ ഇത് നിശ്ചയിക്കുന്നത്. ഒരു ലക്ഷത്തോളം യാത്രക്കാർ ഒരു ദിവസം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന റെയിൽവേ ലൈനുകളിൽ മാത്രമേ മേല്പാലം നിർമ്മിക്കുന്നതിനുവേണ്ടി കോസ്റ്റ് ഷെയറിങ്ങിന്റെ അടിസ്ഥാനത്തിൽ പണം മുടക്കുമെന്ന നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്. എന്തായാലും ഈ പാലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് റെയിൽവേയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. പൂർണ്ണമായി പണം സർക്കാർ ചെലവാക്കിയുള്ള വ്യവസ്ഥയിലേക്കു പോകാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയാത്ത ഒരു ബുദ്ധിമുട്ട് ഉണ്ട്. കോസ്റ്റ് ഷെയറിന്റെ അടിസ്ഥാനത്തിൽ. റെയിൽവേ തയ്യാറാകുന്നയവസരത്തിൽതന്നെ ഈ പാലത്തിന്റെ പണിയും അപ്രോച്ച് റോഡിന്റെ പണിയും ഏറ്റെടുത്തു നടത്തുന്നതിന് ശ്രമിക്കാം. അതുപോലെതന്നെ ഇതിന്റെ അക്വിസിഷനെ സംബന്ധിച്ചിടത്തോളം ഒരു കേസും ഹൈക്കോടതിയിൽ നിലവിലുണ്ട്. അതുകൊണ്ട് ഇതിന്റെ മുഴുവൻ വിവരങ്ങളും എനിക്ക് പറയാൻ കഴിയുന്നില്ല. കാരണം ഈ ഫയൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലാണ്,

LIBRARY ARCHIVES Kerala Legislative Assembly